**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2171** **21-06-2024 - ൽ മറുപടിയ്ക്ക്**

**വൈക്കം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വൈക്കം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി നിർമ്മാണത്തിനുള്ള കരാറിന്റെ കാലാവധി പൂർത്തിയാകുന്നത് എന്നാണെന്ന് അറിയിക്കാമോ; | (എ) | വൈക്കം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ നിർമ്മാണത്തിനുള്ള കരാർ കാലാവധി 31.07.2024ന് അവസാനിക്കുകയാണ്. |
| (ബി) | എത്ര ശതമാനം ജോലികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | നിലവിൽ 50% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | അഗ്നിശമന സംവിധാനം, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവ സംബന്ധിച്ച കരാർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും ആയതിന് തടസ്സങ്ങളെന്തെങ്കിലും ഉണ്ടോയെന്നും വ്യക്തമാക്കാമോ; | (സി) | പ്രസ്തുത പദ്ധതിയുടെ കരാർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. മാതൃക പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ യഥാസമയം കരാർ നടപടികൾ സ്വീകരിക്കുന്നതിന് തടസ്സം നേരിട്ടിരുന്നു. |
| (ഡി) | ആശുപത്രിയുടെ നിർമ്മാണം പൂർത്തീകരിച്ച് എന്നത്തേക്ക് ജനങ്ങൾക്ക് തുറന്നു കൊടുക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (ഡി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണം 2025 മാർച്ച് 31ന് മുൻപ് പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ